**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **02-07-2024 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത വന പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന പരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും വനം വകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വന പരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും വനം വകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) പരിസ്ഥിതി പുനഃസ്ഥാപനം എന്ന പദ്ധതിയിലൂടെ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കംചെയ്ത് സ്വാഭാവിക വനമാക്കി മാറ്റുന്ന പ്രവർത്തനം.<br><br>2) മണ്ണ്-ജല സംരക്ഷണ പ്രവർത്തനം, വനം കുറ്റകൃത്യങ്ങളുടെ തടയൽ, വനമേഖലയിൽ പട്രോളിംഗ്, പ്ലാസ്റ്റിക് നിർമ്മാർജ്ജനം എന്നിവ.<br><br>3) അമൂല്യമായ വനസമ്പത്ത് കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിനും കാടിന്റെ പച്ചപ്പ് നിലനിർത്തുന്നതിനുമുള്ള അഗ്നി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫയർ ബ്രേക്കുകൾ എടുക്കുകയും ബയോമാസ് റിമൂവൽ പ്രവർത്തനങ്ങൾ നടത്തുകയും അഗ്നിപ്രതിരോധ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തുവരുന്നു.<br><br>4) പുനരധിവാസ പ്രവർത്തനങ്ങളിലൂടെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നു.<br><br>5) വനസംരക്ഷണത്തിന്റെ പ്രാധാന്യം ജനസഞ്ചയത്തെ ബോധ്യപ്പെടുത്തിക്കൊണ്ടുള്ള പരിപാലന പ്രവർത്തനം. |
| (ബി) | സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ |

| | | | |
|---|---|---|---|
| | | | സ.ഉ(കൈ)നം.29/2021/വനം,തീയതി 17.12.2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം വിവിധ സർക്കിളിന്റെ പരിധിയിലുള്ള ഡിവിഷനുകളിലെ വിവിധ ഭാഗങ്ങളിൽ ശുഷ്കമായതും നാശോൻമുഖമായതുമായ വനപ്രദേശങ്ങളിൽ പാരിസ്ഥിതിക പുന:സ്ഥാപനം ഉറപ്പുവരുത്തുന്നതിനും, നിബിഡ വനങ്ങളുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി തദ്ദേശീയ വനവൃക്ഷങ്ങൾ നട്ടുവളർത്തിവരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശിപാർശ ചെയ്തിട്ടുള്ള വിവിധ തേക്കുതോട്ടങ്ങളിലും മറ്റ് വനപ്രദേശങ്ങളിലും ഇക്കോ റെസ്റ്റോറേഷൻ നടപ്പിലാക്കി വരുന്നു. വന്യജീവികളുടെ ജലലഭ്യതയ്ക്കായി നിലവിലുള്ള ചെറുതടയണകളും, ബ്രഷ് വുഡ് തടയണകളും, ചെറു കുളങ്ങളും, നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റ പണികൾ നടത്തിയും എക്കൽ നീക്കം ചെയ്തും സംരക്ഷിച്ചു വരുന്നുണ്ട്. ശക്തമായ വനസംരക്ഷണ പ്രവർത്തനങ്ങളിലൂടെയും ഫലപ്രദമായ അഗ്നിപ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ഏറെക്കുറെ കാട്ടുതീ രഹിതമാക്കി നിലനിർത്തുന്നതുവഴി ജൈവവൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വന പരിപാലനത്തിനു കീഴിൽ ജനപങ്കാളിത്തത്തോടെ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ വിവിധ വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് വിവിധ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി, ഇക്കോ റെസ്റ്റോറേഷൻ പദ്ധതി തുടങ്ങിയവയിലൂടെ ജൈവവ്യവസ്ഥയുടെ പുനർ നിർമ്മാണം സാധ്യമാക്കുന്നു. കാർഷിക വനവൽക്കരണം, സാമൂഹിക വനവൽക്കരണം, തണ്ണീർത്തടസംരക്ഷണം എന്നിവ ജന പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. വേനൽക്കാലങ്ങളിൽ വി.എസ്.എസ്. സമിതി അംഗങ്ങളുടെ പങ്കാളിത്തത്തോടെ കുളങ്ങൾ, തോടുകൾ, ചാലുകൾ നിർമ്മിച്ചും, ചെക്ക്ഡാമുകൾ ശുചീകരിച്ചും വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ